(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ്; സംഭവത്തിനുത്തരവാദികളായ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; ആരെയെല്ലാമാണ് ഇനി അറസ്റ്റു ചെയ്യുവാനുള്ളത് ;

(സി) കേസുമായി ബന്ധപ്പെട്ട കെ .പി .സി .സി. ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ, സംഭവത്തിന്റെ തെളിവായി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മാദ്ധ്യമ വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1264/15-ാം കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ പ്രതികളായ ഷെമീർ, അൻസാർ, അഫ്സൽ, ഷംസീർ, റിൻഷാദ്, ഫസലു@ഫസലുദ്ദീൻ, സിദ്ധീഖ്, സൈനുൽ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി ആരെയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയില്ല.

(സി) ഇല്ല.

## സി. ആപ്പിലെ വിജിലൻസ് അന്വേഷണം

**224 (232)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സജിത് വിജയരാഘവനെതിരെ ആരെല്ലാം നൽകിയ പരാതികളിൻമേലാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെ ന്നും പരാതിയുടെ വിശദാംശങ്ങളും കേസ് നമ്പരുകളും വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എ.ജി. (ആഡിറ്റ്) എന്തു തുകയുടെ നഷ്ടം വരുത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ ശ്രീ. സജിത് വിജയരാഘവനെതിരെ നടത്തുന്ന/നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വി.ഇ. 03/2014/ എസ്.ഐ.യു. II അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാർക്കെതിരെ തെളിവ് ലഭിച്ചതിനാൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ബഹു. കേരള ഹൈക്കോടതിയിൽ WP ( C) 22270/2015 നമ്പരായി ഒരു റിട്ട് പെറ്റീഷൻ നിലവിൽ ഉള്ളതിനാൽ ക്യു.വി. 18/2015/എസ്.ഐ.യു. I-ൽ തുടർ നടപടികൾ എടുത്തിട്ടില്ല.

3. ക്യു.വി.11/2015/എസ്.ഐ.യു. II-ന്റെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

4. ക്യു.വി. 14/2015/റ്റി.വി.എം.-ന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു.

(ഡി) സി-ആപ്റ്റിൽ ലോട്ടറി ടിക്കറ്റ്, ബാർ കോഡിംഗ് നമ്പറിംഗ് എന്നിവ ചെയ്യുന്നതിന് അതിവേഗ വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്കെടുത്തതിലൂടെ പ്രതിമാസം 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിൽ ഒരു പുതിയ മെഷീൻ വാങ്ങി പ്രിന്റിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ പ്രതിമാസം 29.09 ലക്ഷം രൂപയുടെ ലാഭമുണ്ടായിരുന്നേനേ എന്ന് എ.ജി. യുടെ റിപ്പോർട്ട് പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ നഷ്ടം സംഭവിച്ചതായി പറഞ്ഞിട്ടില്ല.

## ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം

**225 (233)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം 2015 സെപ്തംബർ 7-ൽ കോട്ടയത്ത് സംഘടിപ്പിച്ച വർഗ്ഗീയ വിരുദ്ധ സെമിനാർ വേദിയിലേക്ക്, എത്തിയ ആർ.എസ്.എസ്. സംഘത്തിൽപ്പെട്ടവർക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.